കെ.എസ്.ഇ.ബി.-യുടെ വികസന പ്രവൃത്തികൾ

12 (4594) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 ജൂൺ മാസം മുതൽ ചടയമംഗലം നിയോജകമണ്ഡലത്തിന്റെ പരിധിയിൽപ്പെട്ട പ്രദേശങ്ങളിൽ കെ.എസ്.ഇ.ബി. നടപ്പാക്കിയ വികസന പ്രവൃത്തികൾ വിശദമാക്കാമോ ; ഇപ്പോൾ നടപ്പിലാക്കിവരുന്നതും പൂർത്തീകരിക്കേണ്ടതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

2011 ജൂൺ മാസം മുതൽ 30-6-2015 വരെ വിതരണ മേഖലയിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കേണ്ടതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തി	പൂർത്തീകരിച്ചത്	പൂർത്തീകരിക്കാനുള്ളത്
11 കെ. വി. ലൈൻ നിർമ്മാണം	17 കി.മീ.	8.25 കി.മീ.
ട്രാൻസ്ഫോർമർ സ്ഥാപിക്കൽ	20 എണ്ണം	4 എണ്ണം
എൽ. റ്റി. ലൈൻ നിർമ്മാണം	4.075 കി.മീ.	1 കി.മീ.
കൺവേർഷൻ	42.39 കി.മീ.	2.5 കി.മീ.
സർവ്വീസ് കണക്ഷൻ	2270 എണ്ണം	0

കൂടാതെ ലൈൻ ടി കണ്ടക്ടറിംഗ് ജോലികളും പുരോഗമിച്ചുവരുന്നു.

അഞ്ചൽ 66 കെ.വി. സബ്സ്റ്റേഷന്റെയും അനുബന്ധ ഇടമൺ-അഞ്ചൽ-ആയൂർ ലൈനിന്റെയും അപ്ഗ്രഡേഷനുവേണ്ടി ഭരണാനുമതിക്കുള്ള നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly